പതിനഞ്ചാം കേരള നിയമസഭ

# പട്ടികജാതി പട്ടികവർഗ്ഗക്ഷേമം സംബന്ധിച്ച സമിതി(2023-26)

## ആറാമത് റിപ്പോർട്ട്

(2025 മാർച്ച് മാസം 20-ാം തീയതി സമർപ്പിച്ചത്)

(പട്ടികജാതി പട്ടികവർഗ്ഗക്ഷേമം സംബന്ധിച്ച സമിതി(2016-19)യുടെ നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2025

# പതിനഞ്ചാം കേരള നിയമസഭ

## പട്ടികജാതി പട്ടികവർഗ്ഗക്ഷേമം സംബന്ധിച്ച സമിതി (2023-26)

## ആറാമത് റിപ്പോർട്ട്

(2025 മാർച്ച് മാസം 20-ാം തീയതി സമർപ്പിച്ചത്)

(പട്ടികജാതി പട്ടികവർഗ്ഗക്ഷേമം സംബന്ധിച്ച സമിതി(2016-19)യുടെ നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച്)

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | | |
| ആമുഖം | | |
| അദ്ധ്യായം I | റിപ്പോർട്ട് | |
| അദ്ധ്യായം II | ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ. | |

## പട്ടികജാതി പട്ടികവർഗ്ഗക്ഷേമം സംബന്ധിച്ച സമിതി (2023-26)

### ഘടന

**<u>അദ്ധ്യക്ഷ:</u>**

*ശ്രീമതി ശാന്തകുമാരി കെ.

**<u>അംഗങ്ങൾ:</u>**

ശ്രീമതി ഒ. എസ്. അംബിക

ശ്രീ. എ.പി. അനിൽകുമാർ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

ശ്രീ. എ. രാജ

ശ്രീ. വി. ശശി

ശ്രീ. പി. വി. ശ്രീനിജിൻ

ശ്രീ. പി. പി. സുമോദ്

ശ്രീ. വി. ആർ. സുനിൽ കുമാർ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ

**<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>**

ഡോ. എൻ. കൃഷ്ണകുമാർ, സെക്രട്ടറി

ശ്രീമതി ദീപ ആർ. കൃഷ്ണൻ, ജോയിന്റ് സെക്രട്ടറി

ശ്രീമതി ദീപ എൻ.ജി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. അജിത്കുമാർ. വി.ഒ., അണ്ടർ സെക്രട്ടറി

*സമിതി അദ്ധ്യക്ഷനായിരുന്ന ശ്രീ. ഒ. ആർ. കേളു സംസ്ഥാന മന്ത്രിസഭയിൽ അംഗമായതിനെത്തുടർന്ന് സംജാതമായ ഒഴിവിൽ.

## ആമുഖം

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷയായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ ആറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2025 മാർച്ച് മാസം 18-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

**ശാന്തകുമാരി കെ.**
**അദ്ധ്യക്ഷ,**
പട്ടികജാതി പട്ടികവർഗ്ഗക്ഷേമം
സംബന്ധിച്ച സമിതി.

തിരുവനന്തപുരം
18.03.2025

## റിപ്പോർട്ട്

## അധ്യായം I

പട്ടികജാതി പട്ടികവർഗ ക്ഷേമം സംബന്ധിച്ച സമിതി (2016-19)യുടെ നാലാമത് റിപ്പോർട്ട്, തിരുവനന്തപുരം ജില്ലയിലെ വെള്ളായണി കാർഷിക സർവ്വകലാശാലാ കാമ്പസിൽ പ്രവർത്തിക്കുന്ന ശ്രീ. അയ്യങ്കാളി മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്പോർട്സ് ഹയർ സെക്കന്ററി സ്കൂളിനെ സംബന്ധിച്ചുള്ളതാണ്. പ്രസ്തുത റിപ്പോർട്ട് 2018 ഡിസംബർ മാസം 6-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി.

2. സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ടവരും കായികരംഗത്ത് അഭിരുചിയുള്ളവരുമായ വിദ്യാർത്ഥികളെ കണ്ടെത്തി അവർക്ക് പരിശീലനവും പ്രോത്സാഹനവും നല്കി ദേശീയ അന്തർ ദേശീയ തലങ്ങളിലെ മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് അവരെ പ്രാപ്തരാക്കുക എന്ന ഉദ്ദേശത്തോടെ ആരംഭിച്ച സ്കൂളിന്റെ പ്രവർത്തനപുരോഗതിക്ക് ഉതകുന്ന തരത്തിലുള്ള 15 ശിപാർശകളായിരുന്നു പ്രസ്തുത റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരുന്നത്.

3. റിപ്പോർട്ടിലെ ശിപാർശകളിൽ യുക്തമായ നടപടി സ്വീകരിക്കുന്നതിനും ആയത് സംബന്ധിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കുന്നതിനുമായി റിപ്പോർട്ടിന്റെ പകർപ്പ് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിലേക്ക് 19.02.2019-ൽ അയക്കുകയുണ്ടായി. പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പ് 25.10.2019-ലെ ബി1/51/2019/പ.ജ.പ.വ.വി.വ. നമ്പർ കത്ത് പ്രകാരം നടപടി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കി. ആയത് സമിതി 27.11.2019-ലെ യോഗത്തിൽ പരിഗണിക്കുകയും റിപ്പോർട്ടിലെ 5-ാം നമ്പർ ശിപാർശയിന്മേലും 14-ാം നമ്പർ ശിപാർശയിന്മേലും സർക്കാർ സമർപ്പിച്ച മറുപടിയിന്മേൽ അധികവിവരം ആരായുകയും മറ്റ് ശിപാർശകൾ സംബന്ധിച്ച് ലഭ്യമാക്കിയ മറുപടി അംഗീകരിക്കുകയും ചെയ്തു. തുടർന്ന് പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പ് 22.11.2022-ലെ കത്ത് മുഖേന ലഭ്യമാക്കിയ 5-ാം നമ്പർ ശിപാർശയിന്മേലുള്ള അധികവിവര റിപ്പോർട്ട് 16.11.2023-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു

4. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതി (2016-19)യുടെ നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ മറുപടികൾ ഈ റിപ്പോർട്ടിന്റെ അദ്ധ്യായം II-ൽ ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

സമിതി (2016-19)-യുടെ നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ പട്ടികജാതി പട്ടികവർഗ വികസന വകുപ്പിൽനിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ മറുപടികൾ .

(ബ്രാക്കറ്റിൽ പരാമർശിക്കുന്ന ഖണ്ഡികകൾ മൂലറിപ്പോർട്ടിലെ ഖണ്ഡികകളാണ്)

### ശിപാർശ നം. 1 ( ഖണ്ഡിക നം. 5)

അടുത്ത അധ്യയന വർഷം മുതൽ ശ്രീ. അയ്യങ്കാളി മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്പോർട്സ് ഹയർ സെക്കന്ററി സ്കൂളിലെ പഠന സമയം രാവിലെ 8.30 മണി മുതൽ ഉച്ചയ്ക്ക് 1.30 വരെയായി പുനഃക്രമീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

പട്ടികജാതി പട്ടികവർഗ വികസന (ബി) വകുപ്പിൽ നിന്നും ലഭ്യമായ മറുപടി

(25.10.2019-ലെ ബി1/51/2019/പ.ജ.പ.വ.വി.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

ശ്രീ. അയ്യങ്കാളി മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്പോർട്സ് ഹയർ സെക്കന്ററി സ്കൂളിലെ നിലവിലെ പഠന സമയക്രമം കുട്ടികൾക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്ന സാഹചര്യത്തിൽ പഠന സമയം രാവിലെ 8.30 മുതൽ ഉച്ചയ്ക്ക് 1.30 വരെയാക്കണമെന്ന ശിപാർശയിന്മേൽ ഹൈസ്കൂൾ, ഹയർ സെക്കന്ററി അദ്ധ്യാപകർ, പി.ടി.എ. പ്രതിനിധികൾ തുടങ്ങിയവരുമായി ചർച്ച ചെയ്തതിൽ നിലവിലുള്ള സമയക്രമമാണ് ഉചിതമെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

(27.11.2019-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

### ശിപാർശ നം. 2 ( ഖണ്ഡിക നം. 6)

അക്കാഡമിക്, നോൺ അക്കാഡമിക്, സ്പോർട്സ് എന്നീ വിഭാഗങ്ങളെ ഏകോപിപ്പിച്ചുള്ള പ്രവർത്തനം തുടർന്നും ഉണ്ടാകുന്നതിന് വകുപ്പ് തലത്തിൽ സമഗ്രമായ നിരീക്ഷണം ഉണ്ടാകണമെന്ന് ശിപാർശ ചെയ്യുന്നു.

പട്ടികജാതി പട്ടികവർഗ വികസന (ബി) വകുപ്പിൽ നിന്നും ലഭ്യമായ മറുപടി

(25.10.2019-ലെ ബി1/51/2019/പജപവവിവ നമ്പർ കത്ത് മുഖേന ലഭിച്ചത്)

ശ്രീ. അയ്യങ്കാളി മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്പോർട്സ് ഹയർ സെക്കന്ററി സ്കൂളിലെ ഭരണപരമായ കാര്യങ്ങൾ നടത്തുന്നത് പട്ടികജാതി വികസന വകുപ്പും സ്പോർട്സ് സംബന്ധമായ ചുമതലകൾ

നിർവ്വഹിക്കുന്നത് സ്പോർട്സ് ഓഫീസറും പഠന സംബന്ധമായ ചുമതലകൾ നിർവ്വഹിക്കുന്നത് പൊതുവിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപകരുമാണ്. നിലവിൽ മൂന്നു വകുപ്പിലേയും ജീവനക്കാർ ഐക്യത്തോടെയാണ് പ്രവർത്തിച്ചു വരുന്നത്. എങ്കിലും വകുപ്പ് തലത്തിൽ സമഗ്രമായ നിരീക്ഷണം ഉണ്ടാകുന്നതാണ്.

(27.11.2019-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

**<u>ശിപാർശ നം. 3 (ഖണ്ഡിക നം. 7)</u>**

കുട്ടികൾക്ക് അധികൃതരുടെ അനുവാദത്തോടെ സ്കൂൾ വിട്ട് പുറത്തു പോകുന്നതിനും തിരിച്ചു വരുന്നതിനും വ്യക്തമായ സമയക്രമം നിശ്ചയിക്കണമെന്നും നിശ്ചിത സമയം കഴിഞ്ഞും കുട്ടികൾ തിരിച്ചെത്തിയില്ലെങ്കിൽ അത് രക്ഷിതാക്കളെ അറിയിക്കുന്നതിന് വ്യവസ്ഥയുണ്ടാക്കണമെന്നും നിർദ്ദേശിക്കുന്നു.

<u>പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിൽ നിന്നും ലഭ്യമായ മറുപടി</u>

(25.10.2019-ലെ ബി1/51/2019/പ.ജ.പ.വ.വി.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

ശ്രീ. അയ്യങ്കാളി മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്പോർട്സ് ഹയർ സെക്കന്ററി സ്കൂളിലെ വിദ്യാർത്ഥികൾ സ്പോർട്സ് സംബന്ധമായ മത്സരങ്ങൾക്കും അക്കാഡമിക് തലത്തിലുള്ള മത്സരങ്ങൾക്കും ആശുപത്രിയിൽ പോകുന്ന അവസരങ്ങളിലുമാണ് പുറത്തു പോകാറുള്ളത്. പ്രസ്തുത സമയങ്ങളിൽ എസ്കോർട്ടിംഗ് സ്റ്റാഫുകളുടെ കൂടെ മാത്രമേ പുറത്തു വിടാറുള്ളൂ. ഓണം, ക്രിസ്തുമസ്, മധ്യവേനൽ അവധികളിൽ രക്ഷിതാക്കളുടെ കൂടെ മാത്രമാണ് കുട്ടികളെ പുറത്തു വിടുന്നത്. മറ്റു സമയങ്ങളിൽ വിദ്യാർത്ഥികൾ പുറത്തു പോകുന്ന സാഹചര്യം ഉണ്ടാകാറില്ല.

(27.11.2019-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

**<u>ശിപാർശ നം. 4 ( ഖണ്ഡിക നം. 8)</u>**

വകുപ്പുദ്യോഗസ്ഥർ മാസത്തിലൊരിക്കലെങ്കിലും സ്കൂൾ സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തണമെന്നും സ്കൂളിലെ ജീവനക്കാർ തമ്മിൽ ഏകോപനമുണ്ടാക്കുന്നതിനായി അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ യോഗം കൃത്യമായി ചേരണമെന്നും ശിപാർശ ചെയ്യുന്നു. കൂടാതെ ജില്ലാ പട്ടികജാതി വികസന ഓഫീസർ നിർബന്ധമായും മാസത്തിൽ ഒരു പ്രാവശ്യം സ്കൂൾ സന്ദർശിച്ച് സ്റ്റാഫ് മീറ്റിംഗ് വിളിച്ചു ചേർക്കുകയും റിപ്പോർട്ട് തയ്യാറാക്കി തുടർ നടപടി സ്വീകരിക്കുകയും ചെയ്യണമെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>പട്ടികജാതി പട്ടികവർഗ വികസന (ബി) വകുപ്പിൽ നിന്നും ലഭ്യമായ മറുപടി</u>

(25.10.2019-ലെ ബി1/51/2019/പ.ജ.പ.വ.വി.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

വകുപ്പിലെ ഉദ്യോഗസ്ഥർ മാസത്തിലൊരിക്കൽ സ്കൂൾ സന്ദർശിക്കുന്നുണ്ട്. 04.09.2019-ൽ എക്സിക്യൂട്ടീവ് മീറ്റിംഗ് ചേരുകയും അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി മീറ്റിംഗ് കൂടുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മാസത്തിൽ ഒരു പ്രാവശ്യം ജില്ലാ പട്ടികജാതി വികസന ഓഫീസർ സ്കൂൾ സന്ദർശിക്കണമെന്നുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

(27.11.2019-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

**<u>ശിപാർശ നം. 5 (ഖണ്ഡിക നം. 9)</u>**

നീന്തൽക്കുള നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

<u>പട്ടികജാതി പട്ടികവർഗ വികസന (ബി) വകുപ്പിൽ നിന്നും ലഭ്യമായ മറുപടി</u>

(25.10.2019-ലെ ബി1/51/2019/പ.ജ.പ.വ.വി.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

നീന്തൽക്കുളം നിർമ്മാണവുമായി ബന്ധപ്പെട്ട് കാർഷിക കോളേജ്, എഞ്ചിനീയറിംഗ് വിഭാഗം പരിചയ സമ്പന്നരല്ലാത്തതിനാൽ 'കിറ്റ്കോ' എന്ന ഏജൻസിയുടെ സഹകരണം തേടുകയും ടി സ്ഥാപനത്തിന് 5% സെന്റേജ് ചാർജ് നൽകിയാൽ മാത്രമേ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി നൽകൂ എന്നും സൂചിപ്പിച്ച് കാർഷിക കോളേജ് ഫിസിക്കൽ പ്ലാന്റ് ഡയറക്ടർ 5 ലക്ഷം രൂപയുടെ പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. നീന്തൽ കുളത്തിന് സ്ഥലം നൽകേണ്ടത് കാർഷിക കോളേജ് അധികൃതർ ആണ്. എന്നാൽ സ്ഥലം നൽകുന്നത് സംബന്ധിച്ച് ഇതു വരെയും കാർഷിക കോളേജ് തീരുമാനമെടുത്തിട്ടില്ല.

പ്രസ്തുത മറുപടി 27.11.2019-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അധികവിവരം ആരായുകയും ചെയ്തു.

<u>സമിതി ആരാഞ്ഞ അധികവിവരം</u>

നീന്തൽക്കുള നിർമ്മാണത്തിന് സ്ഥലം ലഭ്യമാക്കി നടപടി ത്വരിതപ്പെടുത്തുക.

<u>പട്ടികജാതി പട്ടികവർഗ വികസന (ബി) വകുപ്പ് 22.11.2022-ലെ ബി1/51/2019/ പ.ജ.പ.വ.വി.വ. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ അധിക വിവര റിപ്പോർട്ട്.</u>

ശ്രീ. അയ്യങ്കാളി മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്പോർട്സ് ഹയർ സെക്കന്ററി സ്കൂളിന് നീന്തൽകുള നിർമ്മാണത്തിന് സ്ഥലം ലഭ്യമാക്കേണ്ടത് കാർഷിക കോളേജ് അധികൃതരാണ്. എന്നാൽ കാർഷിക കോളേജ് ക്യാമ്പസിൽ നീന്തൽകുള നിർമ്മാണത്തിന് സ്ഥലം ലഭ്യമാക്കുവാൻ നിർവ്വാഹമില്ലായെന്നാണ് കാർഷിക കോളേജ് രജിസ്ട്രാർ ജില്ലാ പട്ടികജാതി വികസന ഓഫീസറെ അറിയിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ സമിതിയുടെ ശിപാർശ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ലെന്ന വിവരം അറിയിക്കുന്നു.

(16.11.2023-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

**<u>ശിപാർശ നം. 6 (ഖണ്ഡിക നം. 10)</u>**

കുട്ടികൾക്ക് പരിശീലനം നടത്താൻ ആവശ്യമായ ഉപകരണങ്ങളോടു കൂടിയ ജിംനാസ്റ്റിക് ഹാളിന്റെ പ്രവർത്തനം ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

<u>പട്ടികജാതി പട്ടികവർഗ വികസന (ബി) വകുപ്പിൽ നിന്നും ലഭ്യമായ മറുപടി</u>

(25.10.2019-ലെ ബി1/51/2019/പ.ജ.പ.വ.വി.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

ജിംനാസ്റ്റിക് പരിശീലനത്തിനായി 2015-ൽ നാഷണൽ ഗെയിംസ് കേരളത്തിൽ നടന്നതുമായി ബന്ധപ്പെട്ട് ടി ഗെയിംസിന് ഉപയോഗിച്ചിരുന്ന ഉപകരണങ്ങൾ ശ്രീ. അയ്യങ്കാളി മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്പോർട്സ് ഹയർ സെക്കന്ററി സ്കൂളിന് ലഭിക്കുന്നതിന് വേണ്ടി ശ്രമങ്ങൾ നടത്തിയിരുന്നെങ്കിലും ടി ഉപകരണങ്ങൾ കേരള സ്പോർട്സ് കൗൺസിലിന്റെ നിസ്സഹകരണം കാരണം നാളിതുവരെ ലഭ്യമായിട്ടില്ല. ഇക്കാര്യം സംബന്ധിച്ച് 04.09.2019-ൽ നടന്ന സ്കൂൾ എക്സിക്യൂട്ടീവ് യോഗത്തിൽ ചർച്ച നടത്തുകയും പുതിയ ഉപകരണങ്ങൾ ടെണ്ടർ ക്ഷണിച്ച് വാങ്ങുന്നതിനും തീരുമാനിച്ചിട്ടുണ്ട്. അതിൻ പ്രകാരം വാങ്ങേണ്ട സാധനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുന്നതിന് സ്പോർട്സ് കൗൺസിൽ കോച്ചുമാരുടെ അഭിപ്രായം കൂടി ആരാഞ്ഞ് ലിസ്റ്റ് തയ്യാറാക്കി ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(27.11.2019-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

**<u>ശിപാർശ നം. 7 (ഖണ്ഡിക നം. 12)</u>**

സ്കൂളിലെ 5-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെയുള്ള കുട്ടികളുടെ കായികശേഷി നിലനിർത്തിക്കൊണ്ടു പോകാൻ കഴിയുന്ന രീതിയിൽ ഒരു പ്രത്യേക പാക്കേജ് ആവിഷ്കരിച്ച് നടപ്പിലാക്കണമെന്ന് ശിപാർശ ചെയ്യുന്നു.

<u>പട്ടികജാതി പട്ടികവർഗ വികസന (ബി) വകുപ്പിൽ നിന്നും ലഭ്യമായ മറുപടി</u>

(25.10.2019-ലെ ബി1/51/2019/പ.ജ.പ.വ.വി.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

സ്കൂളിലെ 5-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെയുള്ള കുട്ടികളുടെ കായികശേഷി നിലനിർത്തുന്നതിന് വെക്കേഷൻ സമയത്തു കൂടി അവരവരുടെ ജില്ലകളിൽ കൃത്യമായ പരിശീലനവും ഭക്ഷണവും ഒരുക്കി അടുത്ത മദ്ധ്യവേനലവധിക്കാലത്ത് നടപ്പിലാക്കുന്നതിനായി സ്പോർട്സ് ഓഫീസറുമായി ചർച്ച ചെയ്ത് പ്രത്യേക പദ്ധതി നടപ്പിലാക്കുന്നതാണ്.

(27.11.2019-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## <u>ശിപാർശ നം. 8 (ഖണ്ഡിക നം. 13)</u>

മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ അദ്ധ്യാപക നിയമനം പ്രത്യേക കേഡറാക്കി സ്ഥിരം അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള തെരഞ്ഞെടുപ്പ് അടിയന്തരമായി നടത്തണമെന്ന് ശിപാർശ ചെയ്യുന്നു. റസിഡന്റ് ട്യൂട്ടർമാർ മുഴുവൻ സമയവും ഹോസ്റ്റലിൽ തന്നെ താമസിക്കണമെന്നും ശനി, ഞായർ ദിവസങ്ങളിൽക്കൂടി പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ പഠിപ്പിക്കുന്നതിൽ ശ്രദ്ധിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>പട്ടികജാതി പട്ടികവർഗ വികസന (ബി) വകുപ്പിൽ നിന്നും ലഭ്യമായ മറുപടി</u>

(25.10.2019-ലെ ബി1/51/2019/പ.ജ.പ.വ.വി.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ അദ്ധ്യാപക നിയമനം പ്രത്യേക കേഡറായി സ്ഥിരം അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. റസിഡന്റ് ട്യൂട്ടർമാരുടെ സേവനം ശനി, ഞായർ ദിവസങ്ങളിൽക്കൂടി പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

(27.11.2019-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## <u>ശിപാർശ നം. 9 (ഖണ്ഡിക നം. 15)</u>

മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ മാനേജർ-കം-റസിഡന്റ് ട്യൂട്ടർ തസ്തിക അവിഭാജ്യഘടകമായതിനാൽ വിദ്യാഭ്യാസ വകുപ്പിൽ നിന്നും പ്രസ്തുത തസ്തികയിൽ അടിയന്തരമായി സ്ഥിര നിയമനം നടത്തണമെന്ന് ശിപാർശ ചെയ്യുന്നു.

പട്ടികജാതി പട്ടികവർഗ വികസന (ബി) വകുപ്പിൽ നിന്നും ലഭ്യമായ മറുപടി

(25.10.2019-ലെ ബി1/51/2019/പ.ജ.പ.വ.വി.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

മാനേജർ കം റസിഡന്റ് ട്യൂട്ടർ തസ്തികയിൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റിൽ നിന്നും അദ്ധ്യാപകരെ ലഭിക്കാത്ത സാഹചര്യത്തിൽ ജില്ലാ പട്ടികജാതി വികസന ഓഫീസർ ഇന്റർവ്യൂ നടത്തി കരാർ അടിസ്ഥാനത്തിൽ മാനേജർ കം റസിഡന്റ് ട്യൂട്ടറെ നിയമിച്ചിട്ടുണ്ട്.

(27.11.2019-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## ശിപാർശ നം. 10 (ഖണ്ഡിക നം. 16)

അത്ലറ്റിക്സ് ഇനങ്ങൾക്ക് മികച്ച പരിശീലകരെ നിയോഗിക്കണമെന്നും കുട്ടികളുടെ പരിശീലനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്നും ശിപാർശ ചെയ്യുന്നു.

പട്ടികജാതി പട്ടികവർഗ വികസന (ബി) വകുപ്പിൽ നിന്നും ലഭ്യമായ മറുപടി

(25.10.2019-ലെ ബി1/51/2019/പ.ജ.പ.വ.വി.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

അത്ലറ്റിക്സ് ഇനങ്ങൾക്ക് നിലവിൽ മികച്ച പരിശീലകരെ നിയമിച്ചിട്ടുണ്ട്. സ്പോർട്സ് കൗൺസിലിൽ നിന്നുള്ള ഒരു കോച്ചും ദിവസ വേതന അടിസ്ഥാനത്തിലുള്ള 2 കോച്ചുമാണ് നിലവിലുള്ളത്. കോച്ചുമാരെ സ്ഥിരമായി നിയമിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. കഴിഞ്ഞ 3 വർഷത്തിനിടയിൽ അത്ലറ്റിക്സിൽ നാഷണൽ ലവലിൽ ഒരു വിദ്യാർത്ഥി വെള്ളിമെഡൽ കരസ്ഥമാക്കിയിട്ടുണ്ട്.

(27.11.2019-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## ശിപാർശ നം. 11 (ഖണ്ഡിക നം. 17)

കുട്ടികളുടെ കായികമായ മുന്നേറ്റത്തിന് ആക്കം കൂട്ടുന്നതിനായി നിലവിൽ പരിശീലനം നൽകുന്ന ഇനങ്ങൾ കൂടാതെ വോളിബോൾ, ബാസ്കറ്റ് ബോൾ, ഷട്ടിൽ ബാഡ്മിന്റൺ എന്നീ ഇൻഡോർ ഗെയിമുകൾക്കും റെസ്‌ലിംഗിനും പരിശീലകരെ കണ്ടെത്താനുള്ള നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

<u>പട്ടികജാതി പട്ടികവർഗ വികസന (ബി) വകുപ്പിൽ നിന്നും ലഭ്യമായ മറുപടി</u>

(25.10.2019-ലെ ബി1/51/2019/പ.ജ.പ.വ.വി.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

കുട്ടികളുടെ കായികമായ മുന്നേറ്റത്തിന് ആക്കം കൂട്ടുന്നതിനായി നിലവിൽ പരിശീലനം നൽകുന്ന ഇനങ്ങൾ കൂടാതെ വോളിബോൾ, ബാസ്കറ്റ്ബോൾ, ഷട്ടിൽ, ബാഡ്മിന്റൺ എന്നീ ഗെയിമുകൾ പുതുതായി തുടങ്ങുന്നതിന് പരിശീലനത്തിനായി കോച്ചുമാരെ നിയമിക്കുന്നതിനും, കൂടാതെ നിലവിൽ പരിശീലകരില്ലാത്ത റെസ്‌ലിംഗ്, തായ്ക്കൊണ്ടോ എന്നീ ഗെയിമുകൾക്ക് പരിശീലകരെ നിയമിക്കുന്നതിനുമായി ഓരോ സ്പോർട്ട്സ് ഇനവുമായി ബന്ധപ്പെട്ട് സംസ്ഥാന അസോസിയേഷനുകളുടെ സഹകരണത്തോടെ കോച്ചിംഗ് നടത്തുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിനായി ടി അസോസിയേഷനുകൾക്ക് കത്തയയ്ക്കുകയും അതിന്റെയടിസ്ഥാനത്തിൽ കേരള തായ്ക്കൊണ്ടോ അസോസിയേഷൻ, കേരള റെസ്ലിംഗ് അസോസിയേഷൻ എന്നീ സ്ഥാപനങ്ങൾ ശ്രീ. അയ്യങ്കാളി മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്പോർട്സ് ഹയർ സെക്കന്ററി സ്കൂളിലേയ്ക്ക് പരിശീലനം നൽകുന്നതിനായി കോച്ചുമാർ ഇല്ലാത്തതിനാൽ സേവനം നൽകാൻ കഴിയില്ലെന്നും അറിയിച്ചിട്ടുണ്ട്. ബാസ്കറ്റ്ബോൾ, ഷട്ടിൽ ബാഡ്മിന്റൺ, വോളിബോൾ എന്നീ അസോസിയേഷനുകളിൽ നിന്നും മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(27.11.2019-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## <u>ശിപാർശ നം. 12 (ഖണ്ഡിക നം. 18)</u>

സ്കൂളിന്റെ പൊതുവായ ആവശ്യങ്ങൾക്കായി അടിയന്തിരമായി ഒരു വാഹനം അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

<u>പട്ടികജാതി പട്ടികവർഗ വികസന (ബി) വകുപ്പിൽ നിന്നും ലഭ്യമായ മറുപടി</u>

(25.10.2019-ലെ ബി1/51/2019/പ.ജ.പ.വ.വി.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

സ്കൂളിന്റെ ദൈനംദിന ആവശ്യങ്ങൾക്കായി ഒരു വാഹനം വാടകയ്ക്ക് എടുക്കുന്നതിന് ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നതും ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുള്ളതായി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്. കൂടാതെ സ്കൂളിന്റെ ആവശ്യത്തിലേക്ക് വാഹനം ലഭ്യമാക്കുന്നതിന് എം.എൽ.എ/എം.പി. എന്നിവർക്ക് സ്കൂളിൽ നിന്നും നിവേദനം നൽകിയിട്ടുള്ളതായും ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(27.11.2019-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## ശിപാർശ നം. 13 (ഖണ്ഡിക നം. 19)

നിലവിൽ 10 ശതമാനത്തിൽ താഴെ കുട്ടികൾ മാത്രമേ ദേശീയ തലത്തിലുള്ള മത്സരങ്ങളിൽ പങ്കെടുക്കുന്നുള്ളൂവെന്ന് സമിതിക്ക് ബോധ്യപ്പെട്ടു. ആയതിനാൽ ദേശീയതലത്തിലുള്ള മത്സരങ്ങളിൽ കുട്ടികളുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

പട്ടികജാതി പട്ടികവർഗ വികസന (ബി) വകുപ്പിൽ നിന്നും ലഭ്യമായ മറുപടി

(25.10.2019-ലെ ബി1/51/2019/പ.ജ.പ.വ.വി.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

ദേശീയതലത്തിൽ നടക്കുന്ന മത്സരങ്ങളിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ അദ്ധ്യായന വർഷം ഈ സ്കൂളിലെ 37 വിദ്യാർത്ഥികൾ വിവിധ ദേശീയ മത്സരങ്ങളിൽ പങ്കെടുത്തിട്ടുണ്ട്.

(27.11.2019-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## ശിപാർശ നം. 14 (ഖണ്ഡിക നം. 20)

സ്കൂൾ സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ അവകാശം കാർഷിക സർവ്വകലാശാലയ്ക്കായതിനാൽ പ്രസ്തുത സ്ഥലത്ത് സകൂളിന്റെ പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തണമെങ്കിൽ സർവ്വകലാശാലയുടെ അനുവാദം ആവശ്യമാണ്. പുതുതായി എന്തെങ്കിലും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഇത് തടസ്സം സൃഷ്ടിക്കുന്നു. ആയതിനാൽ സ്പോർട്സ് സ്കൂളിന് തലസ്ഥാന ജില്ലയിൽ തന്നെ മറ്റൊരിടത്ത് സ്ഥലം കണ്ടെത്താൻ ആവശ്യമായ നടപടി സ്വീകരിക്കാൻ സാധിക്കുമോ എന്ന് പരിശോധിക്കാൻ സമിതി നിർദ്ദേശിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിൽ നിന്നും ലഭ്യമായ മറുപടി

(25.10.2019-ലെ ബി1/51/2019/പ.ജ.പ.വ.വി.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

സ്കൂൾ സ്ഥിതി ചെയ്യുന്ന സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ സ്ഥലമില്ലാത്ത സാഹചര്യത്തിൽ സ്കൂൾ മാറ്റി സ്ഥാപിക്കുന്നതിന് നിലവിൽ പട്ടികജാതി വികസന വകുപ്പിന്റെ ഉടമസ്ഥതയിൽ തിരുവനന്തപുരം ജില്ലയിൽ തോന്നയ്ക്കലിൽ ഇപ്പോൾ കിഫ്ബി മുഖേന നിർമ്മാണം നടത്തുന്ന എം.ആർ.എസ്. കെട്ടിടം പ്രയോജനപ്പെടുത്താവുന്നതും ആവശ്യമുള്ള കളിസ്ഥലം വകുപ്പിന്റെ പേരിലുള്ള സ്ഥലത്ത് സ്ഥാപിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്.

പ്രസ്തുത മറുപടി 27.11.2019-ലെ യോഗത്തിൽ പരിഗണിക്കുകയും സ്കൂൾ മാറ്റി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പട്ടികജാതി വികസന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള തിരുവനന്തപുരം ജില്ലയിലെ തോന്നയ്ക്കലിൽ കിഫ്ബി മുഖേന നിർമ്മാണം നടത്തുന്ന എം.ആർ.എസ്. കെട്ടിടവും സ്ഥലവും പ്രയോജനപ്പെടുത്തുന്നത് സംബന്ധിച്ച സാധ്യത പരിശോധിക്കുന്നതിന് നിർദ്ദേശിച്ചു. മറുപടി ലഭ്യമായിട്ടില്ല.

## ശിപാർശ നം. 15 (ഖണ്ഡിക നം. 21)

തിരുവനന്തപുരം ജില്ലയിലെ വെള്ളായണി കാർഷിക കോളേജിന്റെ ക്യാമ്പസിൽ പ്രവർത്തിക്കുന്ന ശ്രീ. അയ്യങ്കാളി മെമ്മോറിയൽ ഗവ. മോഡൽ റസിഡൻഷ്യൽ സ്പോർട്സ് ഹയർ സെക്കന്ററി സ്കൂൾ ദേശീയ നിലവാരത്തിലുള്ള ഒരു സ്പോർട്സ് ഇൻസ്റ്റിറ്റ്യൂട്ടാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിൽ നിന്നും ലഭ്യമായ മറുപടി

(25.10.2019-ലെ ബി1/51/2019/പ.ജ.പ.വ.വി.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

ശ്രീ. അയ്യങ്കാളി മെമ്മോറിയൽ ഗവ. മോഡൽ റസിഡൻഷ്യൽ സ്പോർട്സ് ഹയർ സെക്കന്ററി സ്കൂൾ ദേശീയ നിലവാരത്തിലുള്ള സ്പോർട്സ് ഇൻസ്റ്റിറ്റ്യൂട്ട് ആക്കി മാറ്റുന്നതിനുള്ള ശിപാർശ സമർപ്പിക്കുന്നതിന് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(27.11.2019-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

തിരുവനന്തപുരം
18.03. 2025.

**ശാന്തകുമാരി കെ.,**
ചെയർപേഴ്സൺ
പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം
സംബന്ധിച്ച സമിതി